LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്ന പദ്ധതി

245(5692) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരദേശത്ത് വേലിയേറ്റരേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ മാറ്റി സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്ന പദ്ധതിയുടെ ഭാഗമായി ഓരോ ഗുണഭോക്താവിനും പത്ത് ലക്ഷം രൂപ സഹായമാണോ നൽകുന്നതെന്ന് വ്യക്തമാക്കാമോ?

ഭൂമിവിലയും ഭവന നിർമ്മാണത്തിനുള്ള ധനസഹായവും ഉൾപ്പെടെ പരമാവധി 10 ലക്ഷം രൂപ വരെയാണ് അനുവദിക്കുന്നത്.

(ബി) ഉപ്പുകലർന്ന കടൽക്കാറ്റിലും മറ്റ് പ്രതികൂല സാഹചര്യത്തിലും മത്സ്യത്തൊഴിലാളി മേഖലയിലെ വീടുകൾക്ക് സംഭവിക്കുന്ന കേടുപാടുകൾ പരിഹരിക്കാൻ അറ്റകുറ്റ പണിയ്ക്കുള്ള ഫണ്ട് ലഭ്യമാക്കാൻ തയ്യാറാകുമോയെന്ന് അറിയിക്കുമോ?

2017-18 മുതൽ ഫിഷറീസ് വകുപ്പ് മുഖേന ഭവന നിർമ്മാണം നടപ്പിലാക്കുന്നില്ല. അർഹരായ എല്ലാവർക്കും സമ്പൂർണ പാർപ്പിടം ലക്ഷ്യമിട്ട് ലൈഫ് മിഷൻ പദ്ധതി വഴിയാണ് മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ എല്ലാവർക്കും ഭവന പദ്ധതി നിലവിൽ നടപ്പാക്കുന്നത്. തീരദേശത്ത് വേലിയേറ്റരേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്ന 'പുനർഗേഹം' പദ്ധതിയാണ് ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്നത്. നിലവിൽ ഭവന പുനരുദ്ധാരണ പദ്ധതികൾ പരിഗണനയിലില്ല. 2016-17-ൽ ഭവന അറ്റകുറ്റപ്പണിക്ക് 4,000 പേർക്ക് ധനസഹായം അനുവദിച്ചതിൽ 3,766 പേർ പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭൂമിവാങ്ങുന്ന പദ്ധതി

246(5693) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭൂമി വാങ്ങുന്ന പദ്ധതി പ്രകാരം കഴിഞ്ഞ സർക്കാരിന്റെ ഭരണകാലയളവിൽ എത്ര കുടുംബങ്ങൾക്കാണ് ധനസഹായം അനുവദിച്ചിട്ടുള്ളതെന്ന് ജില്ലതിരിച്ച് അറിയിക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ ഭരണകാലയളവിൽ ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭൂമി വാങ്ങുന്ന പദ്ധതിപ്രകാരം 736 പേർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*.

മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്ന പദ്ധതി

247(5694) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സമുദ്ര തീരത്തിന്റെ അമ്പത് മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്ന പദ്ധതിയിൽ നാളിതുവരെ എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കാൻ സാധിച്ചിട്ടുണ്ട്; ഈ പദ്ധതി നടപ്പാക്കുന്നതിൽ പ്രായോഗിക വൈഷമ്യങ്ങൾ നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

വേലിയേറ്റരേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്നതിൽ മാറിത്താമസിക്കാൻ തയ്യാറായ 7,692 കുടുംബങ്ങളിൽ 10-08-2021 വരെ പദ്ധതിപ്രകാരം ഭവന നിർമ്മാണത്തിന് അനുയോജ്യമായ ഭൂമി കണ്ടെത്തിയ 2,275 ഗുണഭോക്താക്കളുടെ ഭൂമി വില ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിക്കുകയും ആയതിൽ 1,634 പേർ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 1156 പേർ ഭവനനിർമ്മാണം ആരംഭിക്കുകയും 428 പേർ ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിൽ 1,174 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ളാറ്റുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. മത്സ്യത്തൊഴിലാളികൾക്ക് തീരദേശത്തുനിന്ന് മാറി താമസിക്കുന്നതിന് അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിലുള്ള കാലതാമസവും തീരദേശ മേഖലയിൽ വലിയ ഭവനമുള്ളവരും 5 സെൻറിൽ കൂടുതൽ ഭൂമിയുള്ളവരും മാറാൻ വിമുഖത കാണിക്കുന്നതും പദ്ധതി നടപ്പാക്കുന്നതിൽ നേരിടുന്ന പ്രായോഗിക വൈഷമ്യങ്ങളാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly